# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **3896**

19/03/2018-ൽ
മറുപടിയ്ക്ക്

## തഴവ ഗവ.കോളേജിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

**ചോദ്യം**

ശ്രീ.ആർ.രാമചന്ദ്രൻ :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി തഴവ ഗവ.കോളേജിന്റെ പ്രവർത്തനത്തിനാവശ്യമായ അനധ്യാപക ജീവനക്കാരെ നിയമിക്കുന്നതിന് നാളിതുവരെ എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്ന് വ്യക്തമാക്കുമോ ; | (എ) | അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുകൂലമായിരുന്നില്ല. എന്നിരുന്നാലും അത്യാവശ്യ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലാബ്, ലൈബ്രറി എന്നിവ ക്രമീകരിക്കുന്ന മുറയ്ക്ക് ലാബ്/ലൈബ്രറി അറ്റൻഡർമാരേയും സ്വീപ്പർ, സാനിട്ടേഷൻ വർക്കർ എന്നീ തസ്തികകളിലേയ്ക്കും കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിൽ നിലവിൽ അനുവദിച്ചിട്ടുള്ള കോഴ്സുകളുടെ അടിസ്ഥാനത്തിൽ അധ്യാപക – അനധ്യാപക ജീവനക്കാരുടെ ഏതെല്ലാം തസ്തികകളാണ് അനുവദിക്കേണ്ടതെന്ന് അറിയിക്കുമോ ? | (ബി) | പ്രസ്തുത കോളേജിൽ അനുവദിച്ച കോഴ്സുകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ്, മലയാളം കൊമേഴ്സ് എന്നീ വിഷയങ്ങളിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ വീതവും ഫിസിക്കൽ എഡ്യൂക്കേഷനിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും ആവശ്യമാണ്. പ്രസ്തുത കോളേജിൽ ആവശ്യമായ അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>സീനിയർ സൂപ്രണ്ട് - 1<br>ഹെഡ് അക്കൗണ്ടന്റ് - 1<br>ക്ലാർക്ക് - 2<br>IV ഗ്രേഡ് ലൈബ്രേറിയൻ - 1<br>ഓഫീസ് അറ്റൻഡന്റ് - 1<br>നൈറ്റ് വാച്ച്മാൻ - 1 |

സെക്ഷൻ ഓഫീസർ